പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **2868** 10-05-2017-ൽ മറുപടിക്ക്

## മുഖ്യമന്ത്രിയ്ക്കും മന്ത്രിമാർക്കും ഉപദേഷ്ടാക്കളെ നിയമിക്കുന്നതിലെ മാനദണ്ഡങ്ങൾ

**ചോദ്യം**

ശ്രീ.മഞ്ഞളാംകുഴി അലി
,, ടി.എ. അഹമ്മദ് കബീർ
ഡോ.എം.കെ.മുനീർ
ശ്രീ.വി.കെ.ഇബ്രാഹീം കുഞ്ഞ്

**ഉത്തരം**

ശ്രീ. പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | മുഖ്യമന്ത്രിയ്ക്കും മന്ത്രിമാർക്കും ഉപദേഷ്ടാക്കളെ നിയമിക്കുന്ന കാര്യത്തിൽ മാനദണ്ഡങ്ങളെന്തെങ്കിലും നിലവിലുണ്ടോ; എങ്കിൽ വിശദമാക്കുമോ ; | എ) | ഇല്ല. എന്നാൽ അതാത് മേഖലകളിൽ പ്രാഗൽഭ്യം തെളിയിക്കപ്പെട്ടവരെയാണ് ഉപദേഷ്ടാക്കളായി നിയമിച്ചിട്ടുള്ളത്. |
| ബി) | നിലവിൽ മുഖ്യമന്ത്രിയ്ക്കും മറ്റുമന്ത്രിമാർക്കുമായി എത്ര ഉപദേഷ്ടാക്കളാണുള്ളത്; ഓരോരുത്തരും ഏതൊക്കെ മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ചവരാണെന്ന് വ്യക്തമാക്കുമോ ; | ബി) | വിവിധ മേഖലകളിലായി മുഖ്യമന്ത്രിയ്ക്ക് നിലവിൽ 6 ഉപദേശകർ ഉണ്ട്.<br><br>1. ആഭ്യന്തര വകുപ്പ് ഉപദേഷ്ടാവ് - ഡി.ജി.പി റാങ്കിലുള്ള മുൻ ഐ.പി.എസ് ഉദ്യോഗസ്ഥനായ ശ്രീ.രമൺശ്രീവാസ്തവ<br><br>2. ശാസ്ത്രഉപദേഷ്ടാവ്- മുൻ വി.എസ്.എസ്.സി ഡയറക്ടറായിരുന്ന ശ്രീ. എം.ചന്ദ്രദത്തൻ<br><br>3.സാമ്പത്തികഉപദേഷ്ടാവ് - ഹാർവാർഡ് യൂണിവേഴ്സിറ്റിയിലെ സാമ്പത്തിക ശാസ്ത്ര വിഭാഗം പ്രൊഫസറും, വകുപ്പ് മേധാവിയുമായ ശ്രീമതി.ഗീതാ ഗോപിനാഥ്<br><br>4 നിയമ ഉപദേഷ്ടാവ് - മുൻ നിയമസഭാ സെക്രട്ടറിയും NUALS ന്റെ വൈസ് ചാൻസലറുമായിരുന്ന നിയമ വിദ്യാഭ്യാസ വിചക്ഷണൻ ഡോ. എൻ.കെ.ജയകുമാർ<br><br>5.മീഡിയ ഉപദേഷ്ടാവ് - ദൃശ്യമാധ്യമരംഗത്തെ പ്രഗത്ഭനായ ശ്രീ.ജോൺ ബ്രിട്ടാസ്<br><br>6.പ്രസ് അഡ്വൈസർ -പ്രശസ്ത സാഹിത്യകാരനും, മാധ്യമരംഗത്ത് പ്രവർത്തന മികവും, മുൻപരിചയവുമുള്ള ശ്രീ.പ്രഭാകരവർമ്മ<br><br>മറ്റ് മന്ത്രിമാർക്കൊന്നും തന്നെ ഉപദേശകരെ നിയമിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| സി) | ബന്ധപ്പെട്ട മേഖലകളിലും വകുപ്പുകളിലും വ്യവസ്ഥാപിതമായി നിയമിക്കപ്പെട്ടിട്ടുള്ളതും അതാത് വിഷയങ്ങളിൽ പ്രാഗത്ഭ്യം തെളിയിച്ചവരുമായ സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങളുമായി ഉപദേഷ്ടാവിന്റെ ഉപദേശം വൈരുദ്ധ്യമുണ്ടാക്കുന്ന സാഹചര്യത്തിൽ തീരുമാനങ്ങളിലെ കൃത്യത ഉറപ്പാക്കാൻ മുൻകരുതൽ എടുക്കുമോ ? | സി) | മുഖ്യമന്ത്രി ആവശ്യപ്പെടുന്ന പക്ഷം അദ്ദേഹത്തിന് ബന്ധപ്പെട്ട വിഷയങ്ങളിൽ വിദഗ്ധ ഉപദേശം നൽകുക എന്നതാണ് ഉപദേശകരുടെ ചുമതല. ഇവർ സർക്കാർ ഫയലിൽ അഭിപ്രായം രേഖപ്പെടുത്തുന്നില്ല. ആയതിനാൽ ചോദ്യത്തിൽ ഉന്നയിച്ചിരിക്കുന്ന സാഹചര്യം ഉണ്ടാകുന്നില്ല. |

സെക്ഷൻ ഓഫീസർ